REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 19-11-2024 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **ഒരു ഭൂമി ഒരു കുടുംബം ഒരു ഭാവി എന്നത് ബ്രസീൽ G20 ഉച്ചകോടിയിലും പ്രസക്തമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി**
- **ISRO വികസിപ്പിച്ച അത്യാധുനിക വാർത്താവിനിമയ ഉപഗ്രഹം ജിസാറ്റ് 20 വിജയകരമായി വിക്ഷേപിച്ചു.**
- **ഉപതെരഞ്ഞെടുപ്പ് നടക്കുന്ന പാലക്കാട്ട് ഇന്ന് നിശബ്ദ പ്രചാരണം. വിധിയെഴുത്ത് നാളെ. മഹാരാഷ്ട്രയിലും ജാർഖണ്ഡിലും നാളെ വോട്ടെടുപ്പ്.**
- **സംസ്ഥാനത്ത് ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ വാർഡുകൾ പുനർവിഭജിച്ചു കരട് വിജ്ഞാപനം പുറപ്പെടുവിച്ചു. 1510 പുതിയ വാർഡുകൾ.**
- **ആരോഗ്യ സർവകലാശാല ഇന്റർസോൺ കലോത്സവത്തിന് തൃശൂരിൽ തുടക്കമായി.**

## വാർത്തകൾ വിശദമായി

ഒരു ഭൂമി ഒരു കുടുംബം ഒരു ഭാവി എന്നത് കഴിഞ്ഞ വർഷം ഡൽഹിയിൽ നടന്ന ജി20 ഉച്ചകോടിയിലെന്നപോലെ ബ്രസീൽ ഉച്ചകോടിയിലും പ്രസക്തമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. റിയോ ഡി ജനീറോയിൽ നടക്കുന്ന ജി20 ഉച്ചകോടിയിൽ "സാമൂഹിക ഉൾപ്പെടുത്തലും വിശപ്പിനും ദാരിദ്ര്യത്തിനും എതിരായ പോരാട്ടം" എന്ന വിഷയത്തിൽ നടന്ന സെഷനിൽ സംസാരിക്കുകയായിരുന്നു പ്രധാനമന്ത്രി.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ.

.......വോയ്സ്.....

കഴിഞ്ഞ തവണ ന്യൂഡൽഹിയിൽ നടന്ന ജി20 ഉച്ചകോടിയിൽ എടുത്ത ജനകേന്ദ്രീകൃത തീരുമാനങ്ങൾ ബ്രസീലിന്റെ അധ്യക്ഷതയിൽ മുന്നോട്ടുകൊണ്ടുപോയതായി നരേന്ദ്രമോദി പറഞ്ഞു. സ്ഥായിയായ വികസന ലക്ഷ്യങ്ങൾക്ക് ജി20 മുൻഗണന നൽകുന്നതും, എല്ലാവരെയും ഉൾക്കൊള്ളുന്ന വികസനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതും, വനിതകൾ നേതൃത്വം നൽകുന്ന വികസനവും, യുവശക്തിയും സംതൃപ്തി നൽകുന്ന കാര്യങ്ങളാണെന്ന് പ്രധാന മന്ത്രി പറഞ്ഞു. "വിശപ്പിനും ദാരിദ്ര്യത്തിനും എതിരായ ആഗോള സഖ്യത്തിന് ബ്രസീൽ തുടക്കം കുറിക്കുന്നതിന് ഇന്ത്യ പിന്തുണയ്ക്കുന്നതായും പ്രധാനമന്ത്രി പറഞ്ഞു.

ആഗോള സംഘർഷങ്ങൾ മൂലമുണ്ടാകുന്ന ഭക്ഷ്യ, ഇന്ധന, രാസവള പ്രതിസന്ധി ഏറ്റവും പ്രതികൂലമായി ബാധിക്കുന്നത് ആഗോള ദക്ഷിണേന്ത്യയിലെ രാജ്യങ്ങളെയാണെന്നും പ്രധാനമന്ത്രി പറഞ്ഞു.

ജി20 ഉച്ചകോടിക്കിടെ UK, ഇറ്റലി, ഫ്രാൻസ്, നോർവേ, പോർച്ചുഗൽ, ഇന്തോനേഷ്യ തുടങ്ങിയ രാജ്യങ്ങളിലെ നേതാക്കളുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി കൂടിക്കാഴ്ച നടത്തുകയും ബന്ധം മെച്ചപ്പെടുത്തുന്നതിനും ശക്തിപ്പെടുത്തുന്നതിനും മാർഗങ്ങൾ ചർച്ച ചെയ്യുകയും ചെയ്തു.

✪✪✪

ISRO വികസിപ്പിച്ച അത്യാധുനിക വാർത്താവിനിമയ ഉപഗ്രഹമായ ജിസാറ്റ് 20 വിജയകരമായി വിക്ഷേപിച്ചു. സ്വകാര്യ ബഹിരാകാശ കമ്പനിയായ സ്പേസ് എക്സിന്റെ ഫാൽക്കൺ 9 റോക്കറ്റ് ഉപയോഗിച്ചാണ് ജിസാറ്റ് 20 വിക്ഷേപിച്ചത്.

ഡെസ്ക് റിപ്പോർട്ട്..

......വോയ്സ്.......

യുഎസിലെ കേപ് കനാവറലിൽ നിന്ന് സ്പേസ് എക്സിന്റെ ഫാൽക്കൺ 9 റോക്കറ്റ് ഉപയോഗിച്ച് പുലർച്ചെ 12.01നായിരുന്നു വിക്ഷേപണം. വിക്ഷേപണം വിജയകരമായിരുന്നുവെന്നും ഉപഗ്രഹം സുരക്ഷിതമാണെന്നും സോളാർ പാനലുകൾ വിന്യസിച്ചിട്ടുണ്ടെന്നും ISRO ചെയർമാൻ എസ് സോമനാഥ് പറഞ്ഞു.

വിദൂര പ്രദേശങ്ങളിൽ ബ്രോഡ്ബാൻഡ് സേവനങ്ങളും യാത്രാവിമാനങ്ങളിൽ ഇന്റർനെറ്റും നൽകുന്ന അത്യാധുനിക ആശയവിനിമയ ഉപഗ്രഹമാണ് ജിസാറ്റ് 20. ഇത് 14 വർഷത്തേക്ക് പ്രവർത്തിക്കും. ആദ്യമായാണ് ISRO അതിന്റെ വാണിജ്യ വിഭാഗമായ ന്യൂ സ്പേസ് ഇന്ത്യ ലിമിറ്റഡ് വഴി സ്പേസ് എക്സ് റോക്കറ്റിൽ ഉപഗ്രഹം വിക്ഷേപിക്കുന്നത്.

4,700 കിലോഗ്രാം ഭാരം വരുന്ന ജിസാറ്റ്-20 ഇന്ത്യയുടെ ഏറ്റവും ഭാരമേറിയ ആശയവിനിമയ ഉപഗ്രഹങ്ങളിലൊന്നാണ്. 'ബാഹുബലി' എന്നറിയപ്പെടുന്ന ഇന്ത്യയുടെ സ്വന്തം റോക്കറ്റ് എൽവിഎം- മുന്നിന് വഹിക്കാൻ കഴിയാത്തത്ര ഭാരമുള്ളതാണ് ജിസാറ്റ്-20, അതുകൊണ്ടാണ് വിക്ഷേപണത്തിനായി സ്പേസ് എക്സിനെ തിരഞ്ഞെടുത്തത്.

✪✪✪

പാലക്കാട് നിയമസഭാ ഉപതെരഞ്ഞെടുപ്പ് പരസ്യ പ്രചാരണം അവസാനിച്ചു. വലിയ രാഷ്ട്രീയ വിവാദങ്ങൾ നിറഞ്ഞുനിന്ന ഒന്നരമാസത്തെ പ്രചാരണത്തിനൊടുവിൽ അത്യധികം ആവേശകരമായ കൊട്ടിക്കലാശത്തിനാണ് ഇന്നലെ പാലക്കാട് സാക്ഷിയായത്. ഇന്ന് നിശബ്ദ പ്രചാരണത്തിനു സമയമാണ്. നാളെയാണ് വോട്ടെടുപ്പ്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി ഫൈസൽ അലി മുത്ത്.

.....വോയ്സ്.....

ഇന്നലെ വൈകീട്ട് നഗരത്തിലെ സ്റ്റേഡിയം സ്റ്റാന്റ് പരിസരത്താണ് മുന്നണികളുടെ കൊട്ടിക്കലാശം നടന്നത്.

ശക്തമായ ത്രികോണ മത്സരം നടക്കുന്ന പാലക്കാട് ഇന്നത്തെ നിശബ്ദ പ്രചാരണവും സ്ഥാനാർത്ഥികൾക്ക് നിർണ്ണായകമാണ്.പാലക്കാട് നഗരസഭയും , കണ്ണാടി, മാത്തൂർ ,പിരായിരി പഞ്ചായത്തുകളും ഉൾപ്പെടുന്നതാണ പാലക്കാട് നിയമസഭാ നിയോജക മണ്ഡലം.അന്തിമ വോട്ടർ പട്ടിക പ്രകാരം ആകെ 1,94,706 വോട്ടർമാരാണ് മണ്ഡലത്തിലുള്ളത്.ഉപതെരഞ്ഞെടുപ്പിൽ പത്തു സ്ഥാനാർത്ഥികൾ മത്സര രംഗത്തുണ്ട്.നാല് ഓക്സിലറി ബൂത്തുകൾ അടക്കം ആകെ 184 പോളിങ് ബൂത്തുകളാണ് ഉപതിരഞ്ഞെടുപ്പിന് സജ്ജീകരിച്ചിട്ടുള്ളത്. മൂന്ന് ഇടങ്ങളിലായി ഏഴുവോട്ടെടുപ്പ് കേന്ദ്രങ്ങൾ പ്രശ്നബാധിത ബൂത്തുകളായി അടയാളപ്പെടുത്തിയിട്ടുമുണ്ട്.നിർദ്ദിഷ്ട പോളിങ് സ്റ്റേഷനുകൾക്കും വോട്ടെടുപ്പ് സാമഗ്രികളുടെ സ്വീകരണ വിതരണ കേന്ദ്രമായ ഗവ.വിക്ടോറിയ കോളേജിനും ഇന്ന് അവധി ആയിരിക്കും.വോട്ടെടുപ്പ് സുഗമമാക്കാനും ക്രമക്കേടുകൾ തടയാനുമുള്ള എല്ലാ സംവിധാനങ്ങളും ഉറപ്പാക്കിയതായി ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥകൂടിയായ ജില്ലാ കളക്ടർ ഡോ.എസ്.ചിത്ര അറിയിച്ചു.

✪✪✪

മഹാരാഷ്ട്ര നിയമസഭയിലേക്കും രണ്ടാം ഘട്ട വോട്ടെടുപ്പ് നടക്കുന്ന ജാർഖണ്ഡിലും വിധിയെഴുത്ത് നാളെ. ഇവിടങ്ങളിൽ പരസ്യപ്രചാരണം ഇന്നലെ

അവസാനിച്ചു.  288 അംഗ മഹാരാഷ്ട്ര നിയമസഭയിലേക്ക് ഒറ്റ ഘട്ടമായാണ് വോട്ടെടുപ്പ്.

12 ജില്ലകളിലെ 38 മണ്ഡലങ്ങളാണ് ജാർഖണ്ഡിൽ രണ്ടാം ഘട്ടത്തിൽ ബൂത്തിലെത്തുന്നത്.

55 വനിതകളടക്കം 528 സ്ഥാനാർത്ഥികളാണ് മത്സരരംഗത്ത്.  2019 ലെ നിയമസഭാ തിരഞ്ഞെടുപ്പിൽ, ഈ 38 സീറ്റുകളിൽ, ജാർഖണ്ഡ് മുക്തി മോർച്ച 13 ഉം , BJP 12 ഉം കോൺഗ്രസ്  8 ഉം, CPI (ML) ഒരു സീറ്റുമാണ് നേടിയത്.

വയനാട്, ചേലക്കര, പാലക്കാട് മണ്ഡലങ്ങളിലേയും മഹാരാഷ്ട്രയിലേയും ജാർഖണ്ഡിലേയും ജനവിധി ശനിയാഴ്ച അറിയാം.

✪✪✪

ഡൽഹിയിൽ അന്തരീക്ഷ മലിനീകരണം കൂടുതൽ വഷളായി. കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ കണക്കനുസരിച്ച് ഇന്ന് രാവിലെ ആറ് മണിക്ക് മേഖലയിലെ ശരാശരി വായു ഗുണനിലവാര സൂചിക 494 ആണ്. നഗരത്തിന്റെ ചില ഭാഗങ്ങളിൽ ഇത്  500 വരെ രേഖപ്പെടുത്തി .

വായു മലിനീകരണം കണക്കിലെടുത്ത് ഡൽഹിയിലെ ഗവൺമെന്റ് ഓഫീസുകളിൽ സമയക്രമം ഏർപ്പെടുത്താൻ ലെഫ്റ്റനന്റ് ഗവർണർ വിനയ് കുമാർ സക്സേന നിർദേശം നൽകി. ഹയർ സെക്കൻഡറി ഉൾപ്പെടെ സ്കൂളുകളിൽ എല്ലാ ക്ലാസുകളും ഇന്ന് മുതൽ ഓൺലൈനായി നടത്തുമെന്ന് ഡൽഹി മുഖ്യമന്ത്രി അതിഷി അറിയിച്ചു. ഡൽഹി സർവകലാശാലയും ശനിയാഴ്ച വരെ ഓൺലൈൻ മോഡിലായിരിക്കും ക്ലാസുകൾ നടത്തുക.

✪✪✪

രാജ്യത്തെ പുതിയ കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലായി K സഞ്ജയ് മൂർത്തിയെ നിയമിച്ചു. നിലവിൽ വിദ്യാഭ്യാസ മന്ത്രാലയത്തിലെ ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയാണ് അദ്ദേഹം.  ഗിരീഷ് ചന്ദ്ര മുർമുവിന് പകരമാണ് സഞ്ജയ് മൂർത്തി ചുമതലയേൽക്കുന്നത്.

✪✪✪

സംസ്ഥാനത്ത് ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ വാർഡുകൾ പുനർവിഭജിച്ചു  കരട് വിജ്ഞാപനം പുറപ്പെടുവിച്ചു.

ഗ്രാമപഞ്ചായത്തുകളിൽ 1,375ഉം, മുനിസിപ്പാലിറ്റികളിൽ 128ഉം, കോർപ്പറേഷനുകളിൽ ഏഴും ഉൾപ്പെടെ  പുതുതായി 1,510 വാർഡുകൾ നിലവിൽ വരും.

ജില്ലാകളക്ടർമാർ നൽകിയ കരട് നിർദ്ദേശങ്ങൾ പരിശോധിച്ച് പ്രസിദ്ധീകരിക്കുന്നതിന് ഡീലിമിറ്റേഷൻ കമ്മീഷൻ ചെയർമാനായ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ A. ഷാജഹാന്റെ അധ്യക്ഷതയിൽ തിരുവനന്തപുരത്ത് ചേർന്ന ഡീലിമിറ്റേഷൻ കമ്മീഷൻ യോഗമാണ് അനുമതി നൽകിത്.

കരട് വിജ്ഞാപനം സംബന്ധിച്ച ആക്ഷേപങ്ങളും അഭിപ്രായങ്ങളും ഡീലിമിറ്റേഷൻ കമ്മീഷൻ സെക്രട്ടറിക്കോ, ജില്ലാ കളക്ടർക്കോ നേരിട്ടോ രജിസ്ടേർഡ് തപാലിലോ അടുത്ത മാസം മൂന്ന് വരെ നൽകാം.

✪✪✪

വയനാട്ടിൽ UDFഉം LDF ഉം വെവ്വേറെ ആഹ്വാനം ചെയ്ത ഹർത്താൽ ആരംഭിച്ചു. വൈകിട്ട് ആറു വരെയാണ് ഹർത്താൽ.

ചുരൽ മല ഉരുൾപൊട്ടൽ ദേശീയ ദുരന്തമായി പ്രഖ്യാപിക്കാത്തതിലും പുനരധിവാസത്തിനടക്കം പ്രത്യേക സാമ്പത്തിക സഹായം അനുവദിക്കാത്തതിലും പ്രതിഷേധിച്ചാണ് ഹർത്താൽ.

കേന്ദ്രം ഫണ്ട് നൽകുന്നില്ലെന്നും ദുരന്തബാധിതരോട് സംസ്ഥാന ഗവൺമെന്റ് അലംഭാവം കാണിക്കുകയാണെന്നും ആരോപിച്ച് UDF ആണ് ആദ്യം ഹർത്താൽ പ്രഖ്യാപിച്ചത്. പിന്നാലെ കേന്ദ്ര നയത്തിനെതിരെ LDF ഉം ഹർത്താൽ പ്രഖ്യാപിക്കുകയായിരുന്നു.

✪✪✪

ആരോഗ്യ സർവ്വകലാശാല ഇന്റർസോൺ കലോത്സവത്തിന് തൃശൂരിൽ തുടക്കമായി. മന്ത്രി ഡോ. R.ബിന്ദു കലോത്സവം ഉദ്ഘാടനം ചെയ്തു. 'തഹ്‌രീർ' എന്ന പേരിൽ സംഘടിപ്പിക്കുന്ന കലോത്സവത്തിൽ സംസ്ഥാനത്തെ 132 കോളേജുകളിൽ നിന്നായി മുവ്വായിരത്തോളം വിദ്യാർത്ഥികളാണ് പങ്കെടുക്കുന്നത്. അഞ്ചു വേദികളിൽ 90 ഇനങ്ങളിലാണ് മത്സരം.

✪✪✪

കോഴിക്കോട് റവന്യൂ ജില്ല സ്കൂൾ കലോത്സവം ഇന്ന് നടക്കാവ് സെക്കൻഡറി സ്കൂളിൽ ആരംഭിക്കും. ഇന്ന് സ്റ്റേജിതര മത്സരങ്ങളാണ് നടക്കുന്നത്. നാളെ മുതൽ നാല് ദിവസങ്ങളിലായി സ്റ്റേജ് മത്സരങ്ങൾ നടക്കും.

മന്ത്രി AK ശശീന്ദ്രൻ കലോത്സവം ഉദ്ഘാനം ചെയ്യും. 319 ഇനങ്ങളിലായി 8000 ത്തോളം മത്സരാർത്ഥികൾ മേളയിൽ പങ്കെടുക്കുന്നുണ്ട്.

✪✪✪

കണ്ണൂർ ജില്ലാ സ്കൂൾ കലോത്സവം ഇന്ന് പയ്യന്നൂരിൽ ആരംഭിക്കും. 15 ഉപജില്ലകളിലെ 10,695 കുട്ടികളാണ് 16 വേദികളിലായി നടക്കുന്ന മത്സരത്തിൽ പങ്കെടുക്കുന്നത്. മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി വൈകിട്ട് കലോത്സവത്തിന്റെ ഉദ്ഘാടനം നിർവഹിക്കും. ശനിയാഴ്ച സമാപിക്കും.

✪✪✪

ലോക പൈതൃക വാരാഘോഷത്തിന് ഇന്ന് തുടക്കമാവും. സംസ്ഥാന തല ഉദ്ഘാടനം രാവിലെ കണ്ണൂർ പയ്യാമ്പലത്തെ കൈത്തറി മ്യൂസിയത്തിൽ മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി നിർവഹിക്കും.

1924ൽ ലണ്ടനിലെ വെംബ്ലി എക്സിബിഷനിൽ പ്രദർശിപ്പിച്ച പരമ്പരാഗത തുണിത്തരങ്ങളുടെ പ്രത്യേക പ്രദർശനം ഇന്നും നാളെയും ഉണ്ടാവും. ഈ മാസം 25 വരെയാണ് ലോകപൈതൃക വാരാഘോഷം.

✪✪✪

ആദ്യ ആഴ്ചയിൽ തന്നെ KSRTC ജീവനക്കാർക്ക് ശമ്പളം വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചുവരികയാണെന്ന് മന്ത്രി KB ഗണേഷ് കുമാർ പറഞ്ഞു.

KSRTC ഒരുമിച്ച് ശമ്പളം വിതരണം ചെയ്യുന്ന മൂന്നാം മാസമാണിതെന്ന് അദ്ദേഹം തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ അറിയിച്ചു. ഭാവിയിൽ ഒന്നാം തീയതി തന്നെ ശമ്പളം വിതരണം ചെയ്യുമെന്നും മന്ത്രി പറഞ്ഞു.

സമയത്തിന് ശമ്പളം വിതരണം ചെയ്യുമെന്ന് അറിവുണ്ടായിരുന്നിട്ടും KSRTCയിൽ ശമ്പളം വൈകുന്നു എന്നാരോപിച്ച് കഴിഞ്ഞ ദിവസം നടന്ന സമരം ദൗർഭാഗ്യകരമാണെന്ന് മന്ത്രി പറഞ്ഞു.

✪✪✪

ഭക്ഷ്യവിഷബാധയെത്തുടർന്നു കോഴിക്കോട് മെഡിക്കൽ കോളജ് ആശുപത്രിയിൽ ചികിത്സയിലായിരുന്ന ആദിവാസി വയോധിക മരിച്ചു. പനമരം പാതിരിയമ്പം ഉന്നതിയിലെ പാറ്റയാണ് മരിച്ചത്. ഈ മാസം പതിനൊന്നിനാണ് ഉന്നതിയിൽ കുട്ടികളടക്കം ഒൻപതുപേർക്ക് ഭക്ഷ്യവിഷബാധയേറ്റത്. ഇതിൽ പാറ്റ ഉൾപ്പെടെ രണ്ടു പേരയാണ് മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. മറ്റുള്ളവർ പനമരം സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ചികിത്സ തേടി.

✪✪✪

കാസർഗോഡ് അച്ചാംതുരുത്തി തേജസ്വിനിയിൽ നടന്ന ഉത്തര മലബാർ ജലോത്സവത്തിൽ പുരുഷൻമാരുടെ വിഭാഗത്തിൽ അഴീക്കോടൻ അച്ചാംതുരുത്തി ഒന്നാമതെത്തി. AKG പൊടോത്തുരുത്തി രണ്ടും വയൽക്കര വെങ്ങാട്ട് മൂന്നും സ്ഥാനം നേടി. വനിത വിഭാഗത്തിൽ വയൽക്കര വെങ്ങാട്ട് ഒന്നാമതെത്തി. കൃഷ്ണപ്പിള്ള കാവുംചിറയുടെ രണ്ടു ടീമുകളും രണ്ടും മൂന്നുംസ്ഥാനം നേടി.

✪✪✪

ഇന്ത്യ-മലേഷ്യ ഫിഫ അന്താരാഷ്ട്ര സൗഹൃദ ഫുട്ബോൾ മത്സരം സമനിലയിൽ പിരിഞ്ഞു. ഹൈദരാബാദിലെ ഗച്ചിബൗളി സ്റ്റേഡിയത്തിൽ നടന്ന മത്സരത്തിൽ ഇരു ടീമുകളും ഓരോ ഗോൾ നേടി.

✪✪✪

കോഴിക്കോട് ദേവഗിരി കോളേജിൽ കാലിക്കറ്റ് യൂണിവേഴ്സിറ്റി ഇന്റർ സോൺ വനിതാ വിഭാഗം ഷട്ടിൽ ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പ് ഫൈനലിൽ ദേവഗിരി സെന്റ് ജോസഫ്സ് കോളേജ് ഇന്ന് ഇരിഞ്ഞാലക്കുട ക്രൈസ്റ്റ് കോളേജിനെ നേരിടും.

യൂണിവേഴ്സിറ്റിയുടെ നാല് സോണുകളിൽ നിന്നായി 32 ടീമുകളാണ് മൽസരത്തിൽ പങ്കെടുത്തത്.

ഇതോടൊപ്പം നടന്ന വ്യക്തിഗത ചാമ്പ്യൻ ഷിപ്പിൽ ക്രൈസ്റ്റ് കോളേജിലെ ആദിയ ഷൈൻ യൂണിവേഴ്സിറ്റി തല വ്യക്തിഗത ചാമ്പ്യനായി തിരഞ്ഞെടുക്കപ്പെട്ടു.

✪✪✪